ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ നിലവിൽ ഉത്തരവിൽ കൂടിശ്ശികയില്ല.

ജനസമ്പർക്ക പരിപാടി

174 (3328) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ?

(എ) ജനസമ്പർക്ക പരിപാടി സംഘടിപ്പിക്കുന്നതിന് വിവിധ ഇനങ്ങളിലായി മൊത്തം ചെലവായ തുകയുടെ കണക്കുകൾ ഓരോ ഘട്ട പരിപാടിയുടെയും അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) ജനസമ്പർക്ക പരിപാടി സംഘടിപ്പിക്കുന്നതിന്റെ ഭാഗമായുള്ള ഏതെല്ലാം ചെലവുകളുടെ ബില്ലുകൾ മാളിയുവരെ ട്രഷറിയിൽ നിന്നു മാറിക്കൊടുക്കാൻ സാധ്യമായിട്ടില്ലെന്നറിയിക്കാമോ?

ഉത്തരം

(എ) ജനസമ്പർക്ക പരിപാടി സംഘടിപ്പിക്കുന്നതിന് വിവിധ ഇനങ്ങളിലായി 2011-ൽ നടന്ന ഒന്നാം ഘട്ടത്തിന് 4,42,64,647 രൂപയും 2013-ൽ നടന്ന രണ്ടാം ഘട്ടത്തിന് 4,79,92,617 രൂപയും വിവിധ വകുപ്പുകളുടേതായി ചെലവ് വന്നിട്ടുണ്ട്. 2015-ൽ നടന്ന മൂന്നാം ഘട്ട പരിപാടിയുടെ ചെലവു വിവരങ്ങൾ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാർ മുഖേന ക്രോഡീകരിച്ച് വരുന്നു. ചെലവുകൾ അന്തിമമാക്കപ്പെട്ടിട്ടില്ല. പ്രാരംഭ ചെലവുകൾക്കായി ജില്ലാ കളക്ടർമാർക്ക് 99,50,000 രൂപ അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ 2013-14 ൽ മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ട് സമഗ്ര കമ്പ്യൂട്ടർവത്കരണത്തിനും വിഡിയോ ഡോക്യുമെന്റേഷനുമായി 2013-14 ൽ 97,00,000 രൂപയും 2014-15-ൽ 96,30,000 രൂപയും ചെലവു വന്നിട്ടുണ്ട്.

(ബി) രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയുടെ ചെലവിനത്തിൽ പത്തനംതിട്ട ജില്ലയിൽ 2,83,697 രൂപയുടെയും, തൃശ്ശൂർ ജില്ലയിൽ 24,86,250 രൂപയുടെയും പാലക്കാട് ജില്ലയിൽ 8,03,000 രൂപയുടെയും മലപ്പുറം ജില്ലയിൽ 20,84,616 രൂപയുടെയും ചേർത്ത് ആകെ 56,57,563 രൂപയുടെ ബില്ലുകൾ വിവിധ വകുപ്പുകൾക്കായി ട്രഷറിയിൽ നിന്നും മാറി നൽകുവാൻ ബാക്കിയുണ്ട്.

കുന്ദമംഗലത്ത് അനുവദിച്ച സബ്ട്രഷറിയുടെ പ്രവർത്തനം

175 (3329) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly